# സെന്റ് പോൾസ് എ.യു.പി. സ്കൂൾ-തൃക്കരിപ്പൂർ

## സ്കൂൾ മാസ്റ്റർ പ്ലാൻ - 2025-26.

### ആമുഖം :-

2025-26 അക്കാദമിക വർഷം സമഗ്രഗുണമേന്മാ വർഷമാണല്ലോ. സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം കണക്കിലെടുത്ത് കൊണ്ട് ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാം. ഇതിന്റെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്രവികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം, ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കുന്ന രീതിയിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി. മാത്രമല്ല കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയും.

ഇപ്രകാരം, ഓരോ കുട്ടിയും പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കുക, തുല്യ അവസരങ്ങൾ ഒരുക്കുക, പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ ഒരുക്കുക, ലിംഗ സമത്വത്തെ കുറിച്ചുള്ള ബോധ്യം ഉറപ്പുവരുത്തുക, പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജ്ജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം, പ്രത്യേക പരിഗണനയർഹിക്കുന്നവർ, കാര്യക്ഷമമായ മൂല്യനിർണ്ണയരീതി തുടങ്ങി വിവിധ മേഖലകളിലൂടെ സഞ്ചരിച്ചാണ് ഈ മാസ്റ്റർപ്ലാൻ ഇവിടെ തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും വിഭിന്ന നിലവാരക്കാരായ വിദ്യാർഥികളെ ഉൾക്കൊള്ളുന്ന ഞങ്ങളുടെ വിദ്യാലയം എല്ലാവരെയും ഉൾച്ചേർത്തു കൊണ്ടുള്ള - സമഗ്ര ഗുണമേന്മയിലധിഷ്ഠിതമായ ഒരു മാസ്റ്റർപ്ലാൻ ആണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്.

1941 -ഡിസംബർ 28ന് കേവലം 29 വിദ്യാർഥികളുമായി ഒരു ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച സെന്റ് പോൾസ് എ.യു.പി.സ്കൂൾ 84 വർഷങ്ങൾ പിന്നിടുമ്പോൾ സമഗ്രവികസനത്തിലേക്കുള്ള കുതിപ്പിലാണ്. കലാ സാഹിത്യ - ശാസ്ത്രമേളകളിൽ മത്സരപ്പരീക്ഷകളിൽ , സബ്ജില്ലാതലങ്ങളിൽ ഏറ്റവും മികച്ച വിദ്യാലയമായി സെന്റ് പോൾസ് ഇന്നും നിലനിൽക്കുന്നു. എന്നത് ഏറെ അഭിമാനാർഹമാണ്. നിലവിൽ 4.25 വിദ്യാർഥികളാണ് ഇവിടെ ഉള്ളത്. 2025-26 അധ്യയനവർഷത്തിൽ അവരുടെ സമഗ്രവികസനം സാധ്യമാക്കാൻ ഈ മാസ്റ്റർ പ്ലാനിന്റെ ഫലപ്രദമായ നടത്തിപ്പിലൂടെ കഴിയും എന്ന് ഉറപ്പുണ്ട്.

കാഴ്ചപ്പാടും പ്രവർത്തനദിശയും.

- വായനാ ലേഖന പ്രവർത്തനങ്ങളിൽ ഓരോ കുട്ടിയും അടിസ്ഥാന ശേഷികളും ധാരണകളും നേടുന്നു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ നൽകുക.
- വിവിധ മേഖലകളിൽ മികച്ച പ്രകടനങ്ങൾ കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ നൽകുക.
- മൂല്യബോധത്തിലധിഷ്ഠിതമായ വ്യക്തിത്വ വികസനം സാധ്യമാക്കുക.

അവസ്ഥാവിശകലനവും ഉൾഗ്ഗണനകളും.

## ശാസ്ത്രം

* നിരീക്ഷണ പാടവം കുട്ടികളിൽ കുറഞ്ഞു വരുന്നതായി അനുഭവപ്പെട്ടു.
* ശാസ്ത്രീയ പഠനത്തോടുള്ള വിമുഖത.
* നിത്യ ജീവിതത്തിൽ ശാസ്ത്രത്തിന്റെ സ്വാധീനം വർധിച്ചു വരുന്നതിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തേണ്ടത്.

## ഇംഗ്ലീഷ്

* ഭാഷയിലെ നൈപുണികൾ കൈവരിക്കുന്നതിനുള്ള അപര്യാപ്തത.
* മറ്റ് ഭാഷകൾ പഠിക്കാനുള്ള താല്പര്യക്കുറവ്.

## മലയാളം

* ഭാഷയിലെ നൈപുണികൾ കൈവരിക്കുന്നതിലുള്ള അപര്യാപ്തത.
* പിന്നോക്കക്കാരായ കുട്ടികൾ ഭാഷാശേഷികൾ കൈവരിക്കുന്നതിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ.

## സാമൂഹ്യശാസ്ത്രം

* സാമൂഹ്യ ബോധത്തിലുള്ള അവ്യക്തമായ കാഴ്ചപ്പാട്.
* പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള പരിമിതമായ അറിവ്.
* ജനാധിപത്യത്തെക്കുറിച്ചുള്ള അറിവില്ലായ്മ.
* ഉത്തരവാദിത്ത ബോധമില്ലായ്മ.

## ഗണിതം

* ഗണിതത്തോടുള്ള താല്പര്യക്കുറവ്.
* കണക്കിനോടുള്ള മടുപ്പ്
* മനഃക്കണക്കിലുള്ള കുട്ടികളുടെ പരിമിതമായ അറിവ്.

## ഭിന്നശേഷി

* കുട്ടികളിലെ ഒറ്റപ്പെടൽ.
* കുട്ടികളിലെ നിസ്സഹായത.
* പഠനത്തിലുള്ള പരിമിതി.

## സംസ്കൃതം

* ഭാഷയിലെ നൈപുണികൾ കൈവരിക്കുന്നതിലുള്ള അപര്യാപ്തത.
* മറ്റ് ഭാഷകൾ പഠിക്കാനുള്ള താല്പര്യക്കുറവ്.

## ഹിന്ദി

* ഭാഷയിലെ നൈപുണികൾ കൈവരിക്കുന്നതിലുള്ള അപര്യാപ്തത.
* പിന്നോക്കക്കാരായ കുട്ടികൾ ഭാഷാശേഷികൾ കൈവരിക്കുന്നതിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ.

## I.T.

* കുട്ടികളുടെ പഠനം സുഗമമാക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ പങ്ക്.

* ആധുനിക സാങ്കേതിക വിദ്യയോടുള്ള കുട്ടികളുടെ താല്പര്യം.

കലാ-കായികം

* പുതുതലമുറകളെ ആധുനിക സാങ്കേതികവിദ്യയുടെ അതിപ്രസര-
ത്തിൽ മുഴുകുന്നു.
* കായിക ക്ഷമത കുറവ്.
* ഉൾവലിയുന്ന സ്വഭാവം.

## ലക്ഷ്യങ്ങൾ

ശാസ്ത്രം

* കുട്ടികളിൽ ശാസ്ത്രീയാവബോധം വളർത്തുന്നു.
* പരീക്ഷണ നിരീക്ഷണ പാടവം വളർത്തിയെടുക്കൽ.
* കുട്ടി ഗവേഷകരെ രൂപപ്പെടുത്തുന്നു.
* ഗവേഷണ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ.
* മുഴുവൻ കുട്ടികളിലും ശാസ്ത്രാഭിരുചി കൈവരിച്ചു എന്ന് ഉറപ്പു-
വരുത്തൽ.

## ഇംഗ്ലീഷ്

* ഭാഷാശേഷി വികസനത്തിന്.
* Cultural Transaction.
* എല്ലാ ഭാഷകളോടും താല്പര്യം ജനിക്കുന്നതിന്.

## മലയാളം

* മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുന്നതിനും.
* ഉചിതമായ സന്ദർഭങ്ങൾ വേണ്ടവിധം ഭാഷാശേഷി പ്രയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക.

## സാമൂഹ്യശാസ്ത്രം

* കുട്ടികളിൽ സാമൂഹ്യബോധം വളർത്തുന്നതിന്.
* നമുക്കു ചുറ്റും നടക്കുന്ന സംഭവങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നു.

* കുട്ടികളെ ഉത്തമ ബോധ്യമുള്ള പൗരന്മാരാക്കി വാർത്തെടുക്കൽ.

## ഗണിതം

* ഗണിതത്തിനോട് കുട്ടികളിൽ താല്പര്യം ജനിപ്പിക്കൽ.
* ഗണിതം ജീവിതഗന്ധിയാണ് എന്ന് അനുദിന ജീവിതത്തിലൂടെ ബോധ്യപ്പെടുന്നതിന്.
* പസിലുകൾ പ്രശ്ന നിർധാരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ പ്രാവീണ്യം നേടുന്നതിന്.

## ഭിന്നശേഷി

ഭിന്നശേഷി സൗഹൃദ വിദ്യാലയം എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന ഭൗതിക സാഹചര്യം ഒരുക്കുക. ക്ലാസ്സ് റൂം വിഷയപ്രവർത്തനങ്ങളിൽ കുട്ടികൾക്കായി അനുരൂപീകരണ സാധ്യതകൾ കണ്ടെത്തി പഠന പിന്തുണ ഉറപ്പാക്കൽ. ഭാഷയിൽ മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ഭാഷാശേഷി വികാസം

ഒരുക്കുക· വിവിധ വിഷയ ഇഷ്ടങ്ങളിൽ ഏർപ്പെട്ട് പഠനം സാര്ത്ഥ-കമാക്കൽ. കലാകായിക സർഗാത്മക കഴിവുകൾ പരിപോഷി-പ്പിക്കുക· പഠന യാത്രകളിലൂടെ നേരനുഭവങ്ങൾ ഒരുക്കി മനസ്സി-ലാക്കുന്നതിന് അവസരങ്ങൾ നൽകുന്നു· വിദ്യാലയ പൂന്തോട്ടം, പച്ചക്കറിത്തോട്ടം ഒരുക്കൽ, സ്കൂൾ സൗന്ദര്യവൽക്കരണം, പ്ലാസ്റ്റിക് രഹിത വിദ്യാലയം. എന്നിവയിൽ പങ്ക് ചേർക്കുക·

## സംസ്കൃതം

* ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.
* എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ.
* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ.
* ഓരോ കുട്ടിയുടേയും ആസ്വാദനശേഷി വർധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും.
* പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ.

ഹിന്ദി

* ഭാഷാശേഷി വികസനത്തിന്.
* എല്ലാ ഭാഷകളോടും താല്പര്യം ജനിക്കുന്നതിന്.

I.T

* സാങ്കേതിക വിദ്യയിലുള്ള കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിന്.
* സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്.
* ഇലക്ട്രോണിക്സ് മേഖലകളെ കുറിച്ച് കൂടുതൽ അറിയുന്നതിനും നിർമാണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതിന്.

ലൈഫ്-കായികം.

* കായിക ക്ഷമത വർദ്ധിപ്പിക്കൽ.
* വ്യക്തിത്വ വികസനം.
* വിശാല മനസ്കത, വിട്ടുവീഴ്ചാ മനോഭാവം.
* പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ആർജ്ജവം.

## വിഷയം: ശാസ്ത്രം.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * GYRA (Global Young Re-search Accademy) | ശാസ്ത്രീയ പഠനത്തോടുള്ള അഭിമുഖ്യം വളർത്തൽ | ആഴ്ചയിൽ ഒരിക്കൽ | • Gyra club | Gyra team PTA |
| * Enquiry box | കുട്ടികളുടെ സംശയ ദൂരീകരണം. | Monthly | ശാസ്ത്രാധ്യാപകർ. | രക്ഷിതാക്കൾ. |
| * പരീക്ഷണക്കളരി. | പരീക്ഷണ നിരീക്ഷണ - പാടവം വളർത്തിയെടുക്കൽ | ആഴ്ചയിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് | അധ്യാപകർ. |
| * സയൻസ് എക്സിബിഷൻ | കുട്ടികളിൽ ശാസ്ത്രീയാവ - ബോധം വളർത്തൽ | ജനുവരി | സയൻസ് ക്ലബ്ബ് | PTA |
| * കർഷകരുമായി അഭിമുഖം | കൃഷിയിൽ താല്പര്യം ജനിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ചുമതലയുള്ള അധ്യാപകർ | PTA. |
| * ഫീൽഡ് ട്രിപ്പ്. | നേരനുഭവം | വർഷത്തിൽ രണ്ട് | ചുമതലയുള്ള അധ്യാപകർ | PTA |
| * ജൈവ കീടനാശിനി നിർമ്മാണം | നേരനുഭവം, പരിസ്ഥിതിയെ അറിയാനും. | " | | PTA |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഡോക്യുമെന്ററി, ബ്ലോഗ് തയ്യാറാക്കൽ. | ആഴമായ പഠനവും താത്പര്യവും | ഒരു ടേമിൽ ഒന്ന് | സയൻസ് ക്ലബ്ബ് | P.T.A. |
| * ശാസ്ത്രകിറ്റ് തയ്യാറാക്കൽ. | നേരനുഭവം, പഠനം എളുപ്പമാക്കാൻ | വർഷത്തിൽ ഒന്ന്, -ജൂൺ | സയൻസ് അധ്യാപകർ വിദ്യാർത്ഥികൾ | PTA |
| * പ്ലാസ്റ്റിക് നിരോധനം | പ്രകൃതി സ്നേഹം സംരക്ഷണം. | അധ്യായനവർഷം | സയൻസ് ക്ലബ്ബ് | — |
| * ശുചിത്വ ക്യാമ്പസിനു വേണ്ടി-യുള്ള ക്ലാസ്, നിയമാവലി. | പരിസര ശുചിത്വം പാലിക്കുവാൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന | അധ്യായനവർഷം | മുഴുവൻ സയൻസ് ക്ലബ്ബ് അംഗങ്ങൾ | P.T.A. |
| * ഫീൽഡ്ട്രിപ്പ്. | നേരനുഭവം ലഭ്യമാക്കുവാൻ | ആവശ്യാനുസരണം | അധ്യാപകർ | PTA. |
| * ആൽക്കഹോൾ ബർണർ (സയൻസ് ലാബ്) | സ്കൂൾ ലാബ് ഉപകരണങ്ങളിലൂടെ നേരനുഭവം ലഭ്യമാക്കുന്ന | ആവശ്യാനുസരണം | സയൻസ് അധ്യാപകർ | P.T.A |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ശാസ്ത്രജ്ഞരെ അറിയാം | ശാസ്ത്രപഠനത്തിൽ കൂടുതൽ ഉത്സാഹം ജനിപ്പിക്കുന്നു | ആഴ്ചയിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് | PTA |
| *മണ്ണിനെ അറിയാൻ | പ്രകൃതിയുടെ സംരക്ഷണത്തിൽ പങ്കാളിത്ത ബോധം വളർത്താൻ | വെള്ളി [മാസ അവസാനം] | സയൻസ് ക്ലബ്ബ്. | PTA |
| *ശാസ്ത്രക്കളികൾ | രസകരമായ രീതിയിൽ ശാസ്ത്രീയ അറിവ് നേടാൻ | ഓരോ ടേമിൽ | അധ്യാപകർ, കുട്ടികൾ. | PTA |
| *ഡിജിറ്റൽ ആൽബം | പഠിച്ച വിഷയത്തെ ക്രമീകരിച്ച് അവതരിപ്പിക്കാൻ കഴിവ് വളർത്തുക | മാസത്തിൽ ഒന്ന് | സയൻസ് - അധ്യാപകർ | PTA |
| *ഡോക്യുമെന്ററി പ്രദർശനം | ശാസ്ത്ര കണ്ടുപിടുത്തങ്ങളും അറിവുകളും മറ്റുള്ളവരിലേക്ക് എത്തിക്കാൻ | വർഷത്തിൽ | സയൻസ് അധ്യാപകർ | PTA |
| *സോപ്പ് നിർമ്മാണം. | തൊഴിൽ അറിയാനും താല്പര്യം ജനിപ്പിക്കാനും | ആഗസ്ത് | കുട്ടികൾ, അധ്യാപകർ | PTA |

13

## വിഷയം : ഇംഗ്ലീഷ്.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| *Pre test | കുട്ടികളെ വിലയിരുത്തുന്നതിന്. | ജൂൺ ആദ്യവാരം | Teachers | രക്ഷിതാക്കൾ. |
| *A sentence a day | ഭാഷാശേഷി വികസനത്തിന്. | Daily | Teachers. | അധ്യാപകർ. |
| *Interactive with foreign countries. | ഭാഷയിൽ താൽപ്പര്യം ജനിപ്പിക്കാൻ. | THRICE | Teachers. | പി.ടി.എ. |
| *Breaking News-(Pronounciation skill) | ഭാഷ സ്വായത്തമാക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും മികവുണർത്തുന്നതിനും | Weekly | Teachers. | രക്ഷിതാക്കൾ. |
| *Readers theatre | ശബ്ദ വ്യതിയാനത്തിലൂടെ ഭാഷ ഗ്രഹിക്കുന്നതിന്. | ആവശ്യാനുസരണം. | Teachers. | പി.ടി.എ. |
| *English Assembly | എല്ലാ ഭാഷകളിലും താൽപ്പര്യം ജനിക്കുന്നതിന്. | Daily | class Teachers. | പി.ടി.എ. |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * English 'star A week' | ഭാഷാശേഷി നേടുന്നതിനുള്ള പ്രോൽസാഹനം. | weekly | class Teacher. | അധ്യാപകർ. |
| * English camp | ഭാഷാനൈപുണി വികസിപ്പിക്കുന്നതിന്. | Termly | English club. | പി.ടി.എ. |
| * News reading in English | ഇംഗ്ലീഷ് വായനയെ പ്രോത്സാഹിപ്പിക്കുക. | once in a week | English club. | അധ്യാപകർ. |
| * Role play & Skit based on Text book. | ഭാഷാനൈപുണി വളർത്തുക. | once in two week | English Teacher. | പി.ടി.എ. |
| * English cartoon. | താൽപ്പര്യത്തോടെ ഭാഷ വളർത്തുന്നതിന്. | once in a month | English club. | പി.ടി.എ. |
| * School news English | ഇംഗ്ലീഷ് വായനയെ പ്രോത്സാഹിപ്പിക്കുക. | Once in a month | English club. | രക്ഷിതാക്കൾ. |
| * English day (Wednesday) | ഭാഷാനൈപുണി വളർത്താൻ. | wednesday's. | Teachers. | ആവശ്യമില്ല |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * One day - ബാലസഭ | ഭാഷാനൈപുണികൾ വളർത്താൻ. | Monthy. | SRG, class Teacher. | അധ്യാപകർ. |
| * Story book making, Making book marks | ആസ്വാദനാത്മകമായ എഴുത്ത് സൃഷ്ടിക്കാൻ. | Academic year. | English teacher | പി.ടി.എ. |
| * Language games. | ഭാഷാ ഉപയോഗത്തെ രസകരവും ഇന്ററാക്ടീവ് ആക്കാനും | Academic year | English Teacher | അധ്യാപകർ. |
| * Brochure making | സൃഷ്ടിപരമായി വിവരങ്ങൾ അവതരിപ്പിക്കുന്നു. | monthy | English. | അധ്യാപകർ പി.ടി.എ. |
| * Advertisement | ആശയ വിനിമയ നൈപുണ്യങ്ങൾ വളർത്തുക. | monthy | English Teachers Students. | പി.ടി.എ. |
| * Book Review | വായനാശീലവും വിശകലനശേഷിയും വളർത്തുക. | August | Students. | രക്ഷിതാക്കൾ |

## വിഷയം: മാതൃഭാഷ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * രചനോത്സവം | മികച്ച ഭാഷയിൽ എഴുതുന്നതിന് | കൃത്യമായ ഇടവേളകളിൽ | രണ്ടാം തരത്തിലെ അധ്യാപകർ. | പി.ടി.എ. |
| * കവിത ശില്പശാല | ഭാഷാ നൈപുണിയും ആസ്വാദനവും വളർത്തുന്നതിന്. | ജൂലൈ | മൂന്നാം തരത്തിലെ അധ്യാപകർ. | പി.ടി.എ. |
| * ഡോക്യുമെന്ററി പ്രദർശനം | കുട്ടികളിലെ അറിവും താൽപ്പര്യവും ഉണർത്തുന്നതിന്. | ആവശ്യാനുസരണം | നാലാം തരത്തിലെ അധ്യാപകർ. | പി.ടി.എ. |
| * കഥോത്സവം. | കുട്ടികളിലെ കഴിവുകൾ വികസിപ്പിക്കുന്നതിന്. | ജനുവരി | ഒന്നും മൂന്നും ക്ലാസിലെ അധ്യാപകർ | പി.ടി.എ. |
| * സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | അറിവ് നേടുന്നതിനും വ്യക്തിത്വ വികസനത്തിനും | എല്ലാ തിങ്കളാഴ്ചയും | ക്ലാസ് അധ്യാപകർ. | അധ്യാപകർ. |
| * ടീച്ചറുടെ വായനാനുഭവം (പിന്നോക്കക്കാർക്ക്) | പിന്നോക്കക്കാരെ മറ്റ് കുട്ടികൾക്കൊപ്പം എത്തിക്കുന്നതിന് | അധ്യാപകരുടെ ഒഴിവുസമയങ്ങൾ | അധ്യാപകർ. | അധ്യാപകർ. |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സഹായികൾ. |
|---|---|---|---|---|
| * സാഹിത്യ ക്വിസ്. | സ്വതന്ത്ര വായനയെ പ്രോത്സാഹിപ്പിക്കാൻ. | ദിനാചരണവേളകളിലൊക്കെ. | മലയാളം ക്ലബ്ബ്. | അദ്ധ്യാപകർ. |
| * വായനാ മത്സരം. | വായന പ്രോത്സാഹിപ്പിക്കുക. | മാസം തോറും | മലയാളം ക്ലബ്ബ്. | അദ്ധ്യാപകർ. |
| * വാർത്താ വായനാമത്സരം | ശരിയായരീതി സ്വായത്തമാക്കുന്നതിനും വായനാശീലം വളർത്തുന്നതിന്. | മാസം തോറും | മലയാളം ക്ലബ്ബ്. | അദ്ധ്യാപകർ. |
| * വായനാമൂല | വായനയ്ക്ക് പ്രോത്സാഹനം നൽകുവാൻ. | ആഴ്ചയിൽ മൂന്ന് | മലയാളം. | അദ്ധ്യാപകർ. |
| * ലൈബ്രറി വായന | ശരിയായരീതി പ്രയോഗിക്കുന്നതിന്. | ഒഴിവിൽ | ക്ലബ്ബ് അദ്ധ്യാപകർ | അദ്ധ്യാപകർ. |
| * ഗ്രന്ഥശാലാ സന്ദർശനം | കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടാനും വായനാശീലം വളർത്തുന്നതിനും. | നവംബറിൽ. | മലയാളം വിദ്യാരംഗം ക്ലബ്ബ്. | പി.ടി.എ. |

| പ്രവർത്തനത്തിന്റെ പേര്. | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| *ബെസ്റ്റിംഗ് റൈറ്റേഴ്സ്. | മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്രവായന നടത്തുന്നതിനും | അധ്യായന വർഷം മുഴുവൻ | അധ്യാപകർ. | പി.ടി.എ. |
| *എന്റെ എഴുത്തുപെട്ടി. | സ്വതന്ത്രമായ അനുഭവങ്ങളും ശേഷികൾ പ്രകടിപ്പിക്കുന്നതിന് | മാസത്തിൽ ഒരിക്കൽ. | മലയാളം ക്ലബ്ബ്. | പി.ടി.എ. |
| *വായനാക്കൂട്ടം. | വായനയിൽ പരസ്പരം കൈത്താങ്ങ് ആകാൻ. | വെള്ളിയാഴ്ചകളിലും, മറ്റു ഇട വേളകളിലും. | ക്ലാസ് ടീച്ചർ. | പി.ടി.എ. |
| *ആഴ്ചയിലെ ചങ്ങാതി പുസ്തകം (ഞാൻ വായിച്ച പുസ്തകം) | മറ്റുള്ളവർക്ക് വായനയിൽ താല്പര്യമുളവാക്കുന്നതിനും ഭാഷാശേഷി പ്രകടിപ്പിക്കുന്നതിനും. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ. | പി.ടി.എ. രക്ഷിതാക്കൾ. |
| *പുസ്തക പരിചയം (ഒരാഴ്ചയിൽ വായിച്ച പുസ്തകം പരിചയപ്പെടുത്തൽ) | ,, ,, | രണ്ടാഴ്ചകളിൽ ഒന്ന് | ക്ലാസ് ടീച്ചർ. | പി.ടി.എ. |
| *പാഠഭാഗങ്ങളുടെ ആവിഷ്കാരം (ദൃശ്യം, നാടകം, കവിത, കഥ) | അറിവിനെ ഉറപ്പിക്കാനും സർഗ്ഗ ശേഷികൾ വളർത്താനും. | ഒന്നിടവിട്ട ആഴ്ചകളിൽ | ക്ലാസ് ടീച്ചർ. | പി.ടി.എ. |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * സംവാദവും കുറിപ്പ് തയ്യാറാക്കലും | ചിന്താശേഷി ഉണർത്തുവാൻ. | വർഷത്തിൽ രണ്ട് തവണ. | മലയാളം ക്ലബ്ബ്. | പി.ടി.എ. |
| * പ്രസംഗവേദി | അറിവ് നേടുന്നതിനും വ്യക്തിത്വ വികസനത്തിനും | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ. | പി.ടി.എ. |
| | | | | |

## വിഷയം : സാമൂഹ്യശാസ്ത്രം.



| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * മാധ്യമ ക്വിസ് | മാധ്യമങ്ങളിൽ നിന്നുള്ള പഠന വസ്തുതകൾ ഉപയോഗപ്പെടുത്തുക. | പ്രതിമാസം | Social club. | ആഴ്ചയിൽ ഒന്ന് |
| * ചരിത്ര മ്യൂസിയം - ആരംഭം | ചരിത്രസംഭവങ്ങളും, പാരമ്പര്യ വസ്തുക്കളും കുട്ടികൾ പരിചയപ്പെടുന്നു. | വർഷത്തിൽ ഒന്ന് | സോഷ്യൽ അധ്യാപകർ | PTA. |
| * സ്കൂൾ പാർലമെന്റ് - തെരഞ്ഞെടുപ്പ്, ശാക്തീകരണവും | ജനാധിപത്യ ബോധം - വളർത്താൻ | ജൂലൈ മാസം | ,, | PTA. |
| * വീഡിയോ ലൈബ്രറി. | പഠനമെന്ന അനുഭവത്തെ ദൃശ്യ മാധ്യമങ്ങളിലൂടെ അനുഭൂതി. ഉളവാക്കുക. | ആവശ്യാനുസരണം. | Social Teachers | PTA |
| * ഫീൽഡ് ട്രിപ്പ് | പാഠപുസ്തകങ്ങൾക്ക് പുറമെ അനുഭവാധിഷ്ഠിതമായ അറിവ് നൽകുക. | ആവശ്യാനുസരണം | Social club. | PTA. |
| * ലഹരി വിരുദ്ധ ബോധവൽക്കരണക്ലാസ് നൃത്ത ശില്പം. | വിദ്യാർത്ഥികളിൽ ഉചിതമായ ജീവിത മൂല്യങ്ങൾ വളർത്തുക | ആവശ്യാനുസരണം | Social club. | PTA. |

21

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ചരിത്രാന്വേഷണ യാത്ര. | | വർഷത്തിൽ ഒന്ന് | Social club. | |
| * സംവാദം | | വർഷത്തിൽ ഒന്ന് | Social club | |
| * ആൽബം നിർമ്മാണം | | അക്കാദമിക വർഷം | കുട്ടികൾ, | |
| * ഭക്ഷ്യമേള | | ജൂലൈ | കുട്ടികൾ, അധ്യാപകർ | |
| * ക്ലാസ് ഭരണഘടന | | ആഗസ്റ്റ് | അധ്യാപകർ | |
| * ശില്പശാല | | ജനുവരി | കുട്ടികളും, അധ്യാപകരും | |

## വിഷയം : ഗണിതം.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ഗണിതലാബ് ഒരുക്കൽ | ഗണിതത്തിൽ ഉള്ള കൃത്യതയും താല്പര്യവും വളർത്തുക. | വർഷം മുഴുവൻ | ഗണിതം അധ്യാപകർ. | പി.ടി.എ. |
| * ഗണിത ചുമർ ചിത്രം | ഗണിതവിഷയത്തിൽ കൂടുതൽ താല്പര്യം ഉണർത്തുക. | വർഷം മുഴുവൻ | ഗണിതാധ്യാപകർ | പി.ടി.എ. |
| * ഗണിത ശില്പശാല | കുട്ടികൾക്ക് പ്രായോഗിക അനുഭവം ലഭ്യമാക്കുക. | വർഷം മുഴുവൻ | ഗണിതാധ്യാപകർ. | പി.ടി.എ. |
| *ടീച്ചർ പ്ലസ് സ്റ്റുഡന്റ് (പിന്നോക്കക്കാരെ കണ്ടെത്തൽ) | പിന്നോക്കക്കാരെ മറ്റുള്ള കുട്ടികൾക്കൊപ്പം എത്തിക്കുക. | അധ്യാപകരുടെ ഒഴിവുസമയങ്ങളിൽ. | അധ്യാപകർ | അധ്യാപകർ. |
| *ഗണിത ക്ലബ്ബ് (ടാൻഗ്രാം, ഒറിഗാമി) | ഗണിത വിഷയത്തിൽ താൽപര്യം വളർത്തുക. | ഓരോ ടേമിൽ | അധ്യാപകർ, കുട്ടികൾ. | പി.ടി.എ. |
| * ഗണിത പതിപ്പ്. | ഗണിതപരമായ ആശയങ്ങൾ പങ്കുവെക്കാൻ. | ആവശ്യാനുസരണം. | അധ്യാപകർ | പി.ടി.എ. |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ത്രിമാന രൂപങ്ങളുടെ നിർമ്മാണം | വിദ്യാർത്ഥികളുടെ സൃഷ്ടിപരത്വം വളർത്തുക. | ആഗസ്റ്റ് | കുട്ടികൾ, അധ്യാപകർ. | പി.ടി.എ |

## വിഷയം : പ്രത്യേക പരിഗണന അർഹിക്കുന്നവർ

| ത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ൽ പരിശോധന. | ആരോഗ്യ സംരക്ഷണം | വർഷത്തിൽ ഒന്നിലധികം. ആവശ്യാനുസരണം | HM. | PTA |
| ൽ മരം | പ്രത്യേക പരിഗണന അർഹിക്കുന്നവരെ ചേർത്തു നിർത്തുവാൻ | പിറന്നാൾ ദിനങ്ങളിൽ | ക്ലാസ് അധ്യാപകർ. HM | PTA. |
| ൾ ആഘോഷം | " | " | " | " |
| ദർശനം . | " | ആവശ്യാനുസരണം. | " | PTA |

## വിഷയം : അതിഥിത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള പരിപാടി.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * മധുരം മലയാളം | അതിഥി തൊഴിലാളികളുടെ കുട്ടികളെ മലയാളം പഠിപ്പിക്കൽ | ജൂൺ മുതൽ പഠിക്കുന്നതു വരെ | ക്ലാസ് അധ്യാപകർ. | PTA |
| * അതിഥിത്തൊഴിലാളികളായ രക്ഷിതാക്കളെ ആദരിക്കൽ. | അതിഥി തൊഴിലാളികൾ നമ്മളിലൊരാളായി കാണുന്നതിന് | ഓണാഘോഷ ദിനം | HM, സോഷ്യൽ ക്ലബ്, നല്ല പാഠം. | നല്ലപാഠം. |

## വിഷയം: സംസ്കൃതം.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * ഭാഷാ ജ്ഞാനം<br>* ചിഹ്നം ഉറപ്പിക്കൽ.<br>* അക്ഷര കാർഡ്.<br>* വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>* അക്ഷര മാല കളികൾ<br>* അക്ഷരമരം നിർമ്മിക്കൽ<br>* കാർട്ടൂൺ പ്രദർശനം<br>* പാട്ടുകളും കഥകളും കേൾപ്പിക്കുക.<br>* പറയാം പഠിക്കാം.<br>* ചിത്ര കഥകൾ<br>* ലഘു സംഭാഷണങ്ങൾ. | ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.<br>യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | ജൂൺ – ഓഗസ്റ്റ് | സംസ്കൃതം അധ്യാപകർ | PTA. |
| | താത്പര്യത്തോടെ ഭാഷ പഠിക്കുന്നതിന് | ആവശ്യാനുസരണം. | 〃 | 〃 |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | | | | |

## വിഷയം : ഹിന്ദി

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ.<br>* അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്.<br>* ക്ലാസിൽ അക്ഷരമാല പ്രദർശനം. | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | ജൂൺ to ആഗസ്ത് | ഹിന്ദി അധ്യാപകർ | പി.ടി.എ. |
| * ഓഫ്‌ലൈൻ അക്ഷരമാലകൾ.<br>* വാക്കുകൾ എഴുതിയ കാർഡുകൾ.<br>* വാക്കുകൾ നിർമ്മാണം | ഭാഷാ പഠനം എളുപ്പമാക്കാൻ | ″ | ″ | ″ |
| * വ്യാകരണങ്ങളുടെ നിർമ്മാണം.<br>* വാക്യങ്ങളുടെ നിർമ്മാണം. | ″ | ″ | ″ | ″ |

29

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * വിനോദാവസ്ഥയിലൂടെ കുട്ടികളിൽ PRE TEST നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം. | കുട്ടികളുടെ നിലവാരം അറിയാൻ | June മാസം | അധ്യാപകർ | അധ്യാപകർ |
| * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. | കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ പഠിക്കുക. | സെപ്തംബർ to ഒക്ടോബർ | ഹിന്ദി ടീച്ചേഴ്സ് | ആവശ്യമില്ല. |
| പോസ്റ്റർ നിർമ്മാണം<br>* ICT സഹായത്തിലൂടെ വസ്തുക്കളും, വാക്കുകളും പരിശീലിപ്പിക്കുന്നതിനുള്ള അവസരം.<br>* CWSN കുട്ടികളുടെ പങ്കാളിത്തം.<br>* പതിപ്പുതയ്യാറാക്കൽ. | ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. | June മാസം മുതൽ. | അധ്യാപകർ. | പി.ടി.എ. |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വ്യത്യസ്തമായ കഥകളും കവിതകളും നിരന്തരം കുട്ടികളെ കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുന്നു. | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഹിന്ദി സംസാരിക്കുവാനും കേട്ട് മനസ്സിലാക്കുവാനുമുള്ള കഴിവ് വികസിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകർ | PTA |
| ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ<br>* വായനാകാർഡ്.<br>* അധികവായന സാമഗ്രികൾ<br>* ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം.<br>(സുരീലി ഹിന്ദി) | " | " | " |
| * ചിത്രം – അടിക്കുറിപ്പ്.<br>* ചിത്രം - കഥ പറയൽ.<br>* തുടർകഥ എഴുതൽ.<br>* വായനമൂല.<br>* ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ. | | " | " | " |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷാ ഒരുക്കം. | വിലയിരുത്താൻ | പരീക്ഷാ സമയത്ത്. | അധ്യാപകർ | ആവശ്യമില്ല. |
| * ഹിന്ദി സ്കിറ്റ്, റോൾ പ്ലേ | ഹിന്ദി ഭാഷ എളുപ്പമാക്കാൻ | ആവശ്യാനുസരണം. | അധ്യാപകർ. | പി.ടി.എ. |
| * ഹിന്ദി ദിനം<br>* ഹിന്ദി റേഡിയോ (ബോലവാണി)<br>* ഹിന്ദി പോസ്റ്റർ<br>* ഹിന്ദി വാർത്ത. | ഹിന്ദി ഭാഷാപ്രാവീണ്യം. | ജൂൺ to മാർച്ച് | അധ്യാപകർ | പി.ടി.എ. |

## വിഷയം : ഐ.ടി.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * പഠനപ്രവർത്തനങ്ങളിൽ ഐ.ടി. ലാബിന്റെ ഉപയോഗം | വിദ്യാർത്ഥികൾക്ക് ഐ.ടി. ഉപകരണം എങ്ങനെ വിദ്യാഭ്യാസത്തിനായി ഉപയോഗിക്കാം. | ആവശ്യാനുസരണം. | അധ്യാപകർ. | പി.ടി.എ. |
| * റോബോട്ടിക്സ് ക്ലാസ് | പ്രായോഗിക വൈദഗ്ധ്യവും, ചിന്താ ശേഷിയും വർധിപ്പിക്കുക. | ആഴ്ചയിൽ ഒന്ന് | Robotics, team management. | രക്ഷിതാക്കൾ |
| *Santa Robotics | ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ബോധവത്കരണം. | അധ്യയന വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ. | |

# വിഷയം : കലാവിദ്യാഭ്യാസം.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സർഗവേള. | ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ വിദഗ്ദ്ധർ | പി.ടി.എ. |
| * ബാലസഭ | | | | |
| * റേഡിയോ | ,, ,, | ,, | ,, | ,, |
| * അസംബ്ലി. | ,, ,, | ,, | ,, | ,, |
| * ഡാൻസ് , മ്യൂസിക് | | | | |
| * മേളകൾ. | ,, ,, | ,, | ,, | ,, |

34

## വിഷയം : ആരോഗ്യകായിക വിദ്യാഭ്യാസം.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *Zumba | ആരോഗ്യ സംരക്ഷണവും മാനസികാരോഗ്യവും | എല്ലാ ബുധനാഴ്ചകളിലും | സോണ, സിന്ധു, മെർവിന എന്നീ അധ്യാപകർ | — |
| * യോഗ | ,, ,, | എല്ലാ വെള്ളിയാഴ്ചകളിലും | യോഗാചാര്യ - ഷൈനി | രക്ഷിതാക്കൾ |
| *Football coaching | ,, ,, | ജൂൺ - മാർച്ച് | ഫുട്ബോൾ കോച്ച് - ഹംലാദ് | പി.ടി.എ. |
| * Athletic, വിവിധ ഗെയിംസ്. | ,, ,, | ജൂൺ - മാർച്ച് | ഹംലാദ് മാസ്റ്റർ | പി.ടി.എ. |

## വിഷയം : തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| * കരിയർ ഗൈഡൻസ്. | സ്വന്തം കഴിവുകളും താൽപര്യങ്ങളും തിരിച്ചറിയാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഹെഡ്മിസ്ട്രസ്. | പി.ടി.എ. |
| * നെൽ കർഷകർ ആദരിക്കൽ (അഭിമുഖം, സന്ദർശനം) | കൃഷിയെയും കർഷകരെയും കുറിച്ചുള്ള ബോധം. | ചിങ്ങം-1 | സയൻസ് ക്ലബ് | പി.ടി.എ |
| * ക്ഷീര കർഷകർ ആദരിക്കൽ. | ക്ഷീര കർഷകന്റെ ജീവിതവും ഉത്തരവാദിത്വങ്ങളും തിരിച്ചറിയുക. | നവംബർ-26 | സോഷ്യൽ ക്ലബ്. | പി.ടി.എ |
| * നെൽപ്പാട സന്ദർശനം. | നേരിട്ട് അനുഭവങ്ങൾ ലഭിക്കുന്നു. | വർഷത്തിൽ ഒന്ന് | അധ്യാപകർ | രക്ഷിതാക്കൾ |

36

## വിഷയം : മാനസിക വൈകാരികതലം

| ...ത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ...ത്വ വികസന ക്ലാസ് | നല്ല പൗര സൃഷ്ടിക്കായ് | ഓരോ ടേമിലും ഒന്ന് | ഹെഡ്മിസ്ട്രസ് നല്ലപാഠം | നല്ലപാഠം |
| ...ാ വിരുന്ന്-പങ്കുവെ... | പരസ്പര സ്നേഹവും പങ്കുവയ്ക്കലും വളർത്തുന്നതിന് | വർഷത്തിൽ 4 [illegible], ഫുഡ് ഫെസ്റ്റ് ദിനം, ഇഫ്താർ സംഗമം ഓണാഘോഷം | പി. ടി. എ, സ്റ്റാഫ് | രക്ഷിതാക്കൾ |
| ...ബോധ-ബോധവ- ...ന്ന പ്രോഗ്രാം. | കൂട്ടായ്മയും സ്നേഹവും വിട്ടുവീഴ്ചാ മനോഭാവവും വളർത്തൽ | വർഷത്തിൽ ഒന്ന് | ഹെഡ്മിസ്ട്രസ് | പി. ടി. എ |
| ...ജയവും വിജയത്തിന്റെ ...പടി-പടിപൊടി. | പ്രതിബന്ധികളെ നേരിടാനുള്ള കരുത്താർജ്ജിക്കുന്നതിന് | വർഷത്തിൽ ഒന്ന് | ,, | ,, |
| ...ാരശീലം. | ആരോഗ്യ സംരക്ഷണം, ഭക്ഷ്യ വസ്തുക്കൾ പാഴാക്കാതിരിക്കൽ | ,, | അധ്യാപകർ | പി.ടി.എ. |